ശ്രീ. പി. പി. ഉമ്മർകോയ : അടിയന്തിരാവസ്ഥ എല്ലാസ്ഥലത്തും ഒരുപോലെ ബാധകമാണു്. അതിന്റെ പേരിൽ വളരെയധികം വക്കുകൾ ഈ സംസ്ഥാനത്തു നിറുത്തിവച്ചിട്ടുണ്ടെന്നു ഈ സഭയിൽ പലപ്രാവശ്യവും ഞാൻ പറഞ്ഞിട്ടുള്ള സംഗതിയാണു്.

പഞ്ചസാരവില നിയന്ത്രണം.

* 637. [4] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഒരു വർഷം എത്ര ടൺ പഞ്ചസാര ആവശ്യമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു; അതിലെത്ര ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടു് ;

(ബി) എവിടെനിന്നെല്ലാമാണു് പഞ്ചസാര ഇറക്കുമതി ചെയ്യപ്പെടുന്നതു് ;

(സി) പഞ്ചസാരവില നിയന്ത്രിക്കുന്നതിനുവേണ്ടി, ഗവണ്മെന്റു കൈക്കൊണ്ടിട്ടുള്ള നടപടികൾ ഏവ ;

(ഡി) കരിഞ്ചന്ത വ്യാപാരത്തിന്റെപേരിൽ, ഏതെങ്കിലും കച്ചവടക്കാരെ അടുത്തകാലത്തു ശിക്ഷിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഉദ്ദേശം 84,000 ടൺ, 1962–63–ൽ ഉൽപ്പാദനം 12,010 ടൺ ആയിരുന്നു.

(ബി) മദ്രാസു്, മൈസൂർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും.

(സി) താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ടു്.

1. ഒരു സമയത്തു് 50 കിൻറലോ, അതിൽ കൂടുതലോ പഞ്ചസാര കൈവശം വയ്ക്കുകയും വിൽക്കുകയും ചെയ്യുന്ന വ്യാപാരികൾ ലൈസൻസു് എടുത്തിരിക്കണം.

2. സ്റ്റോറിനു അലോട്ടു ചെയ്യുന്ന പഞ്ചസാര ഡിസ്ട്രിക്റ്റു് അടിസ്ഥാനത്തിൽ വിഭജിക്കപ്പെടുന്നു.

3. അതാതു ജില്ലകളിലെ അംഗീകൃതമൊത്ത വ്യാപാരികൾ മുഖാന്തിരം പഞ്ചസാര ഫാക്ടറികളിൽനിന്നും സ്റ്റോക്കു എടുത്തു നിശ്ചിത വിലയ്ക്കു അധികൃതനിർദ്ദേശാനുസരണം മൊത്ത വ്യാപാരികൾ ചില്ലറ കച്ചവടക്കാർക്കു വിതരണം ചെയ്യുന്നു.

4. റീട്ടെയിൽ ന്യായവില വ്യാപാരികൾക്കു വിതരണത്തിനുള്ള പഞ്ചസാര അതാതു തഹശീൽദാർമാരുടെ അതാറിട്ടിപ്രകാരം മൊത്ത വ്യാപാരികൾ നൽകുന്നു.

5. പഞ്ചസാര കാർഡുടമകൾക്കും, കുറഞ്ഞവരുമാനമുള്ള അരിക്കാർഡുകാർക്കും, പഞ്ചസാര ആവശ്യമുള്ള മറ്റു സ്ഥാപനങ്ങൾക്കും അവരവർക്കു അനുവദിച്ചിട്ടുള്ള തോതനുസരിച്ചു പഞ്ചസാര നിശ്ചിതവിലയ്ക്കു ചില്ലറ കച്ചവടക്കാർമുഖാന്തിരം വിതരണം നടത്തുന്നു.

6. മൊത്ത വ്യാപാരികളുടേയും ചില്ലറ വ്യാപാരികളുടേയും കണക്കും, സ്റ്റോറുകളും പരിശോധിക്കുന്നുണ്ടു്.

(ഡി) ഉണ്ടു്. പാലക്കാട്ടു ജില്ലയിൽ ഒരു കച്ചവടക്കാരനെ പ്രോസിക്യൂട്ടു ചെയ്യുകയും അയാൾക്കു് 25 രൂപ പിഴയിടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി : സർ, ആലപ്പുഴ ജില്ലയിൽ പഞ്ചസാര വില്പനയ്ക്കുള്ള ലൈസൻസുനൽകിയിട്ടു ഒന്നും ഒന്നരയും വർഷം കഴിഞ്ഞിട്ടും വിതരണത്തിനുള്ള പഞ്ചസാര ലഭിക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ലൈസൻസ് എടുത്തിട്ടുള്ള എല്ലാ ആളുകൾക്കും പഞ്ചസാര കൊടുക്കുവാൻ ഒക്കുകയില്ല. പുതുക്കിയ ചില ആളുകൾക്ക് മാത്രമേ സ്റ്റോക്ക് ചെയ്യാൻ അനുവദിച്ചിട്ടുള്ളൂ. അങ്ങനെയുള്ളവർക്ക് മാത്രമേ പഞ്ചസാര കൊടുത്തിട്ടുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : വിതരണം ചെയ്യുന്നതിനുള്ള പഞ്ചസാരയിൽ എത്രയോ ശതമാനം സ്പെഷ്യൽ കോട്ടായ്മവേണ്ടി നീക്കിവച്ചിരിക്കുകയാണ്. എവിടെയെല്ലാം അത്ര കുറയ്ക്കാം എന്ന നോക്കി കുറച്ചു കുറച്ചിട്ട് അത്ര കൂടി വിതരണം ചെയ്യുന്നതിനു നടപടിയെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഓരോ ജില്ലയിലും എത്ര ശതമാനം കുറയ്ക്കാമെന്ന ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. കോഴിക്കോട്ട ജില്ലയിൽ കുറച്ചുപോരാ എന്ന കണ്ട് സ്പെഷ്യൽ കോട്ടായിൽ കുറച്ചുകുറവു ചെയ്തിട്ട് അത്ര കൂടി വിതരണം ചെയ്യുന്നതിനു ശ്രമിക്കുന്നുണ്ട്. എല്ലാ ജില്ലകൾക്കും അനുവദിച്ചിട്ടുള്ള സ്പെഷ്യൽകോട്ടാതന്നെ മതിയാകുന്നില്ല എന്നാണ് ഇപ്പോൾ പറയുന്നത്. കോഴിക്കോട്ട ജില്ലയിൽ കുറച്ചു ഷാർട്ടേജ് വന്നിട്ടുള്ളതു നികത്തണമെന്നു വിചാരിക്കുന്നുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : വിലനിയന്ത്രണം ചെയ്യുന്നതിൽ വരുന്ന കാലതാമസം കൊണ്ടാണ് സ്റ്റോക്കിസ്റ്റുകൾക്കു പഞ്ചസാര വിതരണം ചെയ്യുന്നതിനു പ്രയാസം നേരിടുന്നതെന്നറിയുന്നതു ശരിയാണോ?

ശ്രീ. ഈ. പി. പൗലോസ്: നിയന്ത്രണം കാലതാമസം വരികയാണെങ്കിൽ അതു പരിഹരിക്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീ. പി. ഗോപാലൻ : ഇവിടെ പഞ്ചസാരയ്ക്ക് ദൗർലഭ്യം ഉണ്ടെന്നു പറഞ്ഞു. സാധാരണ മാർക്കറ്റിൽ മുന്നും മൂന്നരയും രൂപയ്ക്ക് ധാരാളം പഞ്ചസാര ലഭിക്കുന്നുണ്ട്. അങ്ങനെ സുലഭമായി പഞ്ചസാരകച്ചവടക്കാർക്കു ലഭിക്കുന്നതു എവിടെ നിന്നാണ് ? അതിനെപ്പറ്റി ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ് : ഗവണ്മെന്റു അന്വേഷിച്ചിട്ടുണ്ട്. ചില നിഗമനങ്ങളിൽ എത്തിയിട്ടുമുണ്ട്. എല്ലാ പഞ്ചസാരയും നമ്മുടെ കടകളിൽ നിന്നും പോകുന്നതല്ല. ചെറിയ കാർഡുള്ള ആളുകൾ അത്ര വാങ്ങാതെ ഒരുപയോഗപ്പെടുത്തുന്നില്ലയോ എന്നും സംശയമുണ്ട്. ഏതായാലും ഇതു കഴിയുന്നിടത്തോളം നിയന്ത്രിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാടൻ : കരിമ്പുകൃഷി നെൽകൃഷിയെക്കാൾ ആദായകരമായതുകൊണ്ട് നെൽകൃഷി നടത്തുന്നവർ അത്ര നിറുത്തിയിട്ട കരിമ്പുകൃഷി നടത്തുന്നതിനു ഉൽസാഹം കാണിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ? നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ട നടപടികൾ എടുക്കുമോ?

Mr. Speaker : That does not arise out of the question.

ശ്രീ. എം. കൃഷ്ണൻ : കോഴിക്കോട്ട ജില്ലയിൽ പഞ്ചസാരയുടെ ഇത്രയധികം ക്ഷാമം വരുവാനുള്ള കാരണം എന്താണ്. അവിടത്തെ കോട്ടാ മറ്റുള്ള ജില്ലകളെ അപേക്ഷിച്ചു കുറവാണോ?

ശ്രീ. ഈ. പി. പൗലോസ്: അവിടെ പഞ്ചസാര കുറവാണെന്നു കണ്ടു വേണ്ട പരിഹാരവും നിർദ്ദേശിച്ചിട്ടുണ്ട്. കിട്ടുന്ന പഞ്ചസാര വിതരണം ചെയ്യാത്തതല്ല കാരണം. പഞ്ചസാര കൂടുതൽ ചെലവുള്ള ഒരു ജില്ലയാണത്.

ശ്രീ. ഓ. കോരൻ : കഴിഞ്ഞ ജനുവരി മാസത്തിൽ കണ്ണൂർ, തളിപ്പറമ്പ, പയ്യന്നൂർ എന്നിവിടങ്ങളിലെ ഹോട്ടൽ ഉടമകൾക്കു വളരെ കുറച്ചുമാത്രമേ പഞ്ചസാര ലഭിച്ചിട്ടുള്ളുവെന്ന പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ആറായിരം ടൺ പഞ്ചസാരയാണ് ഒരു മാസത്തിൽ വിതരണം ചെയ്യാനുള്ള പഞ്ചസാര. അതിൽ കൂടുതൽ കൊടുക്കുവാൻ വിഷമമാണ്. ഉള്ളതു ഉടനെതന്നെ കൊടുത്തുകഴിഞ്ഞു.

ശ്രീ. ഈ. പി. ഗോപാലൻ : ഗവണ്മെൻറു വിട്ടുകൊടുത്ത ഏതു ലൈസൻസുള്ള കച്ചവടക്കാരുടെമേൽ പഞ്ചസാര വിതരണം ചെയ്യുന്നില്ല എന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ? ഒരാഴ്ച മാത്രമേ കരിഞ്ചന്ത വ്യാപാരത്തിൽ ഏർപ്പെട്ടിട്ടുള്ളുവോ?

ശ്രീ. ഈ. പി. പൗലോസ് : ഒരാളിന്റെ പേരിൽ മാത്രമേ ആക്ഷേപം ലഭിച്ചിട്ടുള്ളൂ. പെൻഡിംഗ് ആയിട്ടു വല്ല കേസ്സുകളും കിടപ്പുണ്ടോ എന്നുള്ളതിന്റെ വിവരം കിട്ടിയിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പെറിയ കാർഡുകൾ ദുരുപയോഗപ്പെടുത്തുന്നതുകൊണ്ടായിരിക്കാം കടകളിൽ സുലഭമായി പഞ്ചസാര ലഭിക്കുന്നതെന്നു മന്ത്രി സംശയം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ മൈസൂറിൽ നിന്നും മദ്രാസിൽ നിന്നും ലാറിക്കണക്കിനു പഞ്ചസാര നമ്മുടെ സംസ്ഥാനത്തു വരികയും ചാക്കൊന്നിനു 5 രൂപ വച്ചു കൂടുതൽ ഈടാക്കുകയും ചെയ്യുന്നുണ്ടു്. ഇതു നിയന്ത്രിക്കുന്നതിനു എന്തു പ്രവർത്തനമാണു ചെയ്യുന്നതു?

ശ്രീ. ഈ. പി. പൗലോസ് : ഞാൻ അതാണു് ചില നിഗമനങ്ങളിൽ ഗവണ്മെൻറു എത്തിച്ചേർന്നു എന്നു മുമ്പത്തെ പ്രസംഗത്തിൽ പറഞ്ഞതു്. അതു തടയുന്നതാണോ എന്നുള്ളതിൽ സംശയമുണ്ടു്. കാരണം പഞ്ചസാര നമ്മുടെ സ്റ്റോറിലേക്കാണു് വരുന്നതു്.

ശ്രീ. എ. വി. വാസു : കൃത്രിമമായി വരവു വച്ചു കാർഡുകൾ സമ്പാദിച്ചു പഞ്ചസാര കരിഞ്ചന്തയിൽ വിൽക്കുന്ന വിവരം അറിയാമോ?

ശ്രീ. ഈ. പി. പൗലോസ് : അതേപ്പറ്റി അന്വേഷിക്കാം.

കുട്ടനാടു് ''ആർ'' ബ്ലോക്കു് കായലിലെ കൃഷി.

* 638. [5] † ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടു് 'ആർ' ബ്ലോക്കു് കായലിൽ ഇപ്പോൾ ഇരുപ്പുകൃഷി ചെയ്യുന്നുണ്ടോ ;

(ബി) ഈ കായലിൽ നെൽകൃഷിയല്ലാതെ കരിമ്പു്, മുതലായ മറ്റു കൃഷികളും ചെയ്യാൻ അനുവദിക്കണമെന്നു് ഗവണ്മെൻറിനോടു് കൃഷിക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഉണ്ടു്.

(ബി) മറ്റു ആദായകരമായ കൃഷികളിറക്കുന്നതിനു് വേണ്ട പ്രോത്സാഹനം കൃഷിക്കാർക്കു് നൽകണമെന്നു് കാണിച്ചുകൊണ്ടു് ഹർജി കിട്ടിയിട്ടുണ്ടു്.

(സി) ഇതേപ്പറ്റി ആലോചിക്കുന്നതേയുള്ളൂ.

ശ്രീ. മാലേത്തു് ഗോപിനാഥപിള്ള : കായൽ നിലങ്ങളിൽ കരിമ്പു കൃഷി ചെയ്യാമോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും അന്വേഷിച്ചിട്ടുണ്ടോ?

† Put by Shri Maleth Gopinatha Pillai.

LIBRARY ARCHIVES Kerala Legislative Assembly